VOL. XI ISSUE 03 MAR. 2020 BELTHANGADY

## A Blessed Lent



"From the cross, Jesus teaches us the great courage involved in renunciation" he said, urging us to "free ourselves from the clutches of consumerism and the snares of selfishness, from always wanting more, from never being satisfied, and from a heart closed to the needs of the poor".

(Pope Francis, Ash Wednesday, 2019)

# UDAYADEEPA BELTHANGADY

# ಉದಯದೀಪ ಬೆಳ್ತಂಗಡಿ

# ഉദയദീപ ബെൽത്തംഗഡി

### Belthangady Diocesan Bulletin

TO LOVE AND TO SERVE

Vol. XI Issue. 03 March - 2020 Page - 56

Annual Subscription: Rs. 140-00 Single Copy: Rs. 12-00

Edited, Printed and Published, by Fr. Joseph Valiaparambil
Bishop's House, Udayanagar, P.B. No.13
Belthangady - 574 214, D.K., Karnataka, India.
Printed at Shree Raghavendra Printers, Ujire-574 240

Website: www.belthangadydiocese.com
Email : udayadeepabel@gmail.com
Tel.: 08256-232439, 233975

# March - 19

# Feast of St. Joseph



"Today I would like to ask that St Joseph grant all of us the ability to dream because when we dream great things, good things, we draw near to God's dream, what God dreams about us.." (Pope Francis, March 19, 2017)

# CONTENTS


| | | |
|---|---|---|
| 1. | Circular No. 3/2020 | 6 |
| 2. | Circular No. 4/2020 | 9 |
| 3. | Lenten Message : Pope Francis | 11 |
| 4. | Message on World Day of Sick : Pope Francis | 16 |
| 5. | Notifications from the Chancellery | 21 |
| 6. | Catechism Department News | 24 |
| 7. | Social Service Department | 29 |
| 8. | Family Apostolate | 33 |
| 9. | Youth Apostolate (SMYM) | 35 |
| 10. | Sauharda Vedike | 36 |
| 11. | Christus Vivit : Pope Francis | 38 |
| 12. | Parish News | 42 |
| 13. | Final Statement of CBCI Plenary Assembly | 44 |
| 14. | Society of St. Vincent De Paul Society | 50 |
| 15. | Bishop's Diary | 52 |
| 16. | Programme of the Bishop | 54 |




**Circular No. 3/2020**

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

വലിയ നോമ്പുകാലത്ത് ഒരിക്കൽ കൂടി ഞാൻ നിങ്ങൾക്ക് എഴുതുകയാണ് ! അത് നമ്മുടെ രൂപതയിലുള്ള ജീവകാരുണ്യ പ്രവർത്തനത്തെക്കുറിച്ചാണ്.

''ഞാൻ പുതിയൊരു കല്പന നിങ്ങൾക്ക് നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതു മൂലം എല്ലാവരും അറിയും'' (യോഹന്നാൻ 13 : 34-35 ) എന്നാണ് ഈശോയുടെ കല്പന. ക്രിസ്ത്യാനിയുടെ ലക്ഷണം സ്നേഹമാണ്. ഈ സ്നേഹം വാക്കിലും പ്രവർത്തിയിലും സത്യത്തിലുമാണ് പ്രകടമാകേണ്ടത്. പ്രവർത്തികൾ കൂടാതെയുള്ള വിശ്വാസം നിർജീവമാണെന്നാണ് വി. യാക്കോബ് ശ്ലീഹാ നമ്മോടു പറയുന്നത് (2 : 17). ഈശോയുടെ ആഗ്രഹമനുസരിച്ചുള്ള ക്രിസ്ത്യാനി ആകണമെങ്കിൽ നമ്മുടെ ഇടയിലെ പാവങ്ങളെ നാം സഹായിക്കണം. നമുക്ക് ദൈവം തന്നിരിക്കുന്ന നന്മയുടെയും സമയത്തിന്റെയും ഒരു ഓഹരി ക്ലേശമനുഭവിക്കുന്നവർക്കായ് നാം കൊടുക്കണം.

നമ്മുടെ രൂപതയുടെ ആരംഭം മുതൽ സാധുക്കളെ സാധിക്കുന്നതു പോലെ സഹായിക്കാൻ നാം ശ്രദ്ധിച്ചിട്ടുണ്ട്. നമ്മുടെ ഒരോ ഇടവകകളിലും സാധു ജന സേവന പരിപാടികൾ നടക്കുന്നുണ്ട് എന്ന് അറിയുന്നതിൽ സന്തോഷിക്കുന്നു. നമ്മുടെ ഡി. കെ. ആർ. ഡി. എസ്. മുഖേനയും, രൂപത കേന്ദ്രത്തിൽ നിന്ന് നേരിട്ടും ഒട്ടേറെ പാവങ്ങൾക്ക് സാന്ത്വനം എത്തിക്കാൻ നമ്മുക്ക് ദൈവാനുഗ്രഹത്താൽ സാധിച്ചിട്ടുണ്ട്. എല്ലാ വർഷവും നമ്മുടെ രൂപതയിലെ സാധുകുട്ടികളെ പഠിപ്പിക്കാൻ നാം സഹായം ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷം 276 പാവപ്പെട്ട കുട്ടികളെ പഠത്തിനായി നമ്മുക്ക് സഹായിക്കാൻ സാധിച്ചു. നമ്മുടെ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയും സാധുജന സേവനം ഭംഗിയായി നടത്തി വരുന്നു. ഇതിനും പുറമേ നമ്മുടെ ജീവകാരുണ്യ ഫണ്ട് വഴി നമ്മുടെ രൂപതയിലെ അനേകം രോഗികൾക്കും പാവപ്പെട്ട കുട്ടികൾക്കും മറ്റ് സാധുക്കൾക്കും സഹായം ചെയ്യുവാൻ നമ്മുക്ക് സാധിച്ചിട്ടുണ്ട്.



കഴിഞ്ഞ വർഷം നിങ്ങൾ ജീവകാരുണ്യ ഫണ്ടിലേക്ക് സ്നേഹപൂർവ്വം സംഭാവന ചെയ്തതിന് നന്ദി പറയുന്നു. കഴിഞ്ഞ വർഷം ജീവകാരുണ്യ ഫണ്ട് ഇനത്തിൽ നിങ്ങൾ സമ്മാനിച്ച മൊത്തം തുക 9,27,965.00 രൂപയാണ്. അതിൽ 2,85,455.00 രൂപ പാവപ്പെട്ട 128 രോഗികളെ ചികിത്സിക്കാനും, 1,35,500.00 രൂപ 13 സാധു യുവതികൾക്ക് വിവാഹത്തിനായും, 2,94,000.00 രൂപ പാവപ്പെട്ട 55 കുട്ടികളെ പഠിപ്പിക്കാനും, 1,67,500.00 രൂപ പാവപ്പെട്ട 16 പേർക്ക് വീടുവെക്കുവാനും, 13,940.00 രൂപ പാവപ്പെട്ടവരുടെ ആവശ്യങ്ങളിൽ സഹായിക്കുവാനുമായി കൊടുത്തു. അങ്ങനെ കഴിഞ്ഞ വർഷം നിങ്ങൾ തന്ന ജീവകാരുണ്യ ഫണ്ട് വഴി നമ്മുടെ രൂപതയിലെ പാവപ്പെട്ട 243 പേരെ സഹായിക്കുവാൻ നമുക്ക് സാധിച്ചു. ഇനിയും 31,570.00 രൂപ മത്രമെ നീക്കിബാക്കിയുള്ളു. അനേകം പാവപ്പെട്ടവർ സഹായത്തിനായി അനുദിനവും എന്നെ സമീപിക്കുന്നുണ്ട്, അവരെ സഹായിക്കണമെങ്കിൽ നിങ്ങൾ തന്നാൽ മാത്രമേ എനിക്ക് സാധിക്കുകയുള്ളു.

എല്ലാ വർഷവും കുടുംബ ജീവിതക്കാരുടെ മദ്ധ്യസ്ഥനായ വി. യൗസേപിതാവിന്റെ മരണ ത്തിരുനാളായ മാർച്ച് 19 നോട് അനുബന്ധിച്ചുള്ള ഞായറാഴ്ചയാണ് ജീവകാരുണ്യ ഫണ്ട് നാം ശേഖരിക്കുന്നത്. അതുകൊണ്ട് നിങ്ങളുടെ പക്കൽ എത്തിക്കുന്ന കവറിൽ ഒരു ദിവസത്തെ വരുമാനത്തിൽ കുറയാത്ത തുക നിക്ഷേപിച്ച് പൂരിപ്പിച്ച കൗണ്ടർ ഫോയിൽ (Counter Foil) സഹിതം 22-3-2020 ഞായറാഴ്ച കുർബ്ബാനക്ക് വരുമ്പോൾ കൊണ്ടു വന്ന് ബഹു. വികാരിയച്ചനെ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നിങ്ങൾ നല്കുന്ന സംഭാവന ദൈവത്തിന് ഏറെ പ്രിയങ്കരമാണെന്നും നോമ്പുകാലത്ത് നിങ്ങൾ ചെയ്യുന്ന സൽകൃത്യങ്ങളുടെ പട്ടികയിൽ ഇതിന് വലിയ സ്ഥാനമുണ്ടെന്നും നല്ല ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കുമെന്നും സന്തോഷത്തോടെ അറിയിക്കുന്നു. നിങ്ങളുടെ ഉദാരമായ സംഭാവനയാണ് സാധുക്കളെ സഹായിക്കാൻ എന്നെ ശക്തിപ്പെടുത്തുന്നത് എന്ന് ഞാൻ ഏറ്റ് പറയുന്നു. എല്ലാവരുടെയും അകമഴിഞ്ഞ സഹകരണം ഞാൻ പ്രതീക്ഷിക്കുന്നു. ലഭിക്കുന്ന തുക തന്നവരുടെ ലിസ്റ്റ് സഹിതം 2020 ഏപ്രിൽ - 5 ന് മുമ്പ് രൂപതാ കേന്ദ്രത്തിൽ എത്തിക്കുവാൻ ആവശ്യമായത് ചെയ്യണമെന്ന് ബഹു. വികാരിയച്ചൻമരോട് അഭ്യർത്ഥിക്കുന്നു.

"ദരിദ്രരോടു ദയകാണിക്കുന്നവൻ ഭാഗ്യവാൻ . കഷ്ടതയുടെ നാളുകളിൽ അവനെ കർത്താവു രക്ഷിക്കും ; കർത്താവ് അവനെ പരിപാലിക്കുകയും അവന്റെ ജീവൻ സംരക്ഷിക്കുകയും ചെയ്യും; അവൻ ഭൂമിയിൽ അനുഗൃഹീതനായിരിക്കും ; അവിടുന്ന് അവനെ ശത്രുക്കൾക്ക് വിട്ടുകൊടുക്കുകയില്ല "(സങ്കി 41 : 1 -2) എന്ന തിരുവചന പ്രകാരം ദാനധർമ്മം ചെയ്യുവാനും ജീവിതത്തിന്റെ പൂർണ്ണത ആസ്വദിക്കുവാനും നമുക്ക് സാധിക്കട്ടേയെന്ന് പ്രാർത്ഥിച്ചുകൊണ്ട് +പിതാവിന്റേയും + പുത്രന്റെയും +പരിശുദ്ധാത്മാവിന്റേയും + നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി + മാർ ലോറൻസ് മുക്കുഴി
25-02-2020 ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB :** ഈ സർക്കുലർ 08-03-2020 ഞായറാഴ്ച്ച എല്ലാ കുർബ്ബാന മദ്ധ്യേയും വായിക്കേണ്ടതാണ്.



**Circular No. 4/2020**

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

സൃഷ്ടിയുടെ മകുടമായി ദൈവം മനുഷ്യനെ തന്റെ രൂപത്തിലും ഛായയിലും സൃഷ്ടിച്ചു. മനുഷ്യന് ആവശ്യമായ എല്ലാ സമ്പന്നതയും നൽകിയിട്ടും അവൻ ദൈവവചനം തിരസ്കരിച്ച് പറുദീസായിൽ നിന്ന് ബഹിഷ്ക്കരിക്കപ്പെട്ടു. എന്നാൽ "ഒരുവൻ പോലും നശിച്ചുപോകാൻ ഇഷ്ടപ്പെടാത്ത" സ്വാർഗ്ഗസ്ഥനായ പിതാവ് തന്റെ ഏകജാതനായ മിശിഹായെ ലോകത്തിലേക്കയ്ച്ചു. കർത്താവായ മിശിഹാ താണിറങ്ങി ലോകത്തിൽ വന്ന് തന്റെ പീഡാസഹനവും മരണവും ഉത്ഥാനവും വഴി മനുഷ്യ കുലത്തിന്റെ പാപത്തിന് പരിഹാരം ചെയ്തു; രക്ഷാകര ദൗത്യം ആരംഭിച്ചു. ലോകത്തിലുള്ള എല്ലാവരും രക്ഷിക്കപ്പെടാൻ യുഗാന്ത്യം വരെ ഈ രക്ഷാകര പ്രവർത്തി തുടർന്നുകൊണ്ടുപോകണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. അതിനായി തന്റെ ജനത്തിൽ നിന്ന് തന്നെ തനിക്കിഷ്ടമുള്ളവരെ തിരഞ്ഞെടുത്ത് അഭിഷേകം ചെയ്തു നിയമിച്ചയക്കുന്നു. അത് ഒരു വിളിയാണ്. ആ വിളിയെ തിരിച്ചറിഞ്ഞ് ഓരോരുത്തരും പ്രത്യുത്തരം നല്കണം.

"ദൈവവിളിയെ പ്രോത്സാഹിപ്പിക്കേണ്ട കടമ ക്രൈസ്തവ സമൂദായം മുഴുവനിലും നിക്ഷിപ്തമായിരിക്കുന്നു" (OT. No - 2). ദൈവിളി സ്വീകരിക്കാൻ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ദൈവവിളി തിരിച്ചറിയാൻ അവരെ സഹായിക്കുകയും ചെയ്യുന്നത് തിരുസഭയുടെ മഹത്തായ കടമയാണ്. " ഈ കർത്തവ്യം നിർവ്വഹിക്കേണ്ടത് ഒന്നാമതായി തിർത്തും ക്രൈസ്തവ ജീവിതം വഴിയാണ്. കുടുംബങ്ങളും ഇടവകകളുമാണ് പ്രധാനമായി ഇതിൽ സഹകരിക്കേണ്ടത്"(Ibid). നമ്മുടെ രൂപതയിൽ ഇതിനായി വിവിധ കാര്യപരിപാടികൾ നടത്തപ്പെടുന്നുണ്ട്.

ഈ വർഷം 10-ാം ക്ലാസ്സോ അതിലുപരി വിദ്യാഭ്യാസ യോഗ്യതയോയുള്ള യുവജനങ്ങൾക്ക് തങ്ങളുടെ വിളി തിരിച്ചറിയുവാൻ സഹായിക്കുവാനായി നമ്മുടെ രൂപതയിൽ 2020 ഏപ്രിൽ 19 മുതൽ 22 വരെ ജ്ഞാനനിലയത്തിൽവച്ച് ദൈവവിളി ക്യാമ്പ് നടക്കുകയാണ്. 19 ന് വൈകിട്ട് 4.00 മണിക്ക് ആരംഭിച്ച് 22-ന് ഉച്ചക്ക് 1.00 മണിയോട് കൂടി അവസാനിക്കുന്നതാണ്. നമ്മുടെ രൂപതയിൽ നിന്ന് വൈദികരോ, സമർപ്പിതരോ ആകുവാൻ താൽപര്യമുള്ള എല്ലാ ആൺകുട്ടികളും പെൺകുട്ടികളും (10-ാം ക്ലാസ്സോ അതിനുപരി വിദ്യാഭ്യാസ യോഗ്യതയുള്ളവർ) ഈ ക്യാമ്പിൽ സംബന്ധിക്കേണ്ടതാണ്. ക്യാമ്പിൽ സംബന്ധിക്കാൻ വരുന്നവർ ബൈബിൾ, നോട്ട് ബുക്ക്, പേന ആവശ്യമായ

ഡ്രസ്സുകൾ, ബെഡ്ഷീറ്റ്, ടോയിലറ്റ് സാധനങ്ങൾ മുതലായവയും, ക്യാമ്പ് ഫീസ് ആയി 200.00 രൂപയും കൊണ്ടുവരേണ്ടതാണ്. ക്യാമ്പിന് ഇതിലും കൂടുതൽ ചിലവ് വരും എന്നാൽ ഈ ക്യാമ്പ് വളരെ പ്രധാനപ്പെട്ടതായതുകൊണ്ട് ഉണ്ടാകുന്ന അധിക ചിലവ് രൂപതാ കേന്ദ്രത്തിൽ നിന്ന് വഹിക്കുന്നതാണ്. ഒരോ ഇടവകയിൽ നിന്നും എത്രപേർ ക്യാമ്പിൽ പങ്കെടുക്കുമെന്ന (ആൺകുട്ടികളും, പെൺകുട്ടികളും വെവ്വേറെ) വിവരം ബഹു. വികാരിയച്ചൻമാർ പെരിയ ബഹു. മാത്യു ആലപ്പാട്ട് അച്ചനെ 2020 ഏപ്രിൽ 15-ന് മുമ്പ് അറിയിക്കേണ്ടതാണ്.

പ്രിയപ്പെട്ടവരേ, നമ്മുടെ രൂപതയ്ക്ക് ഇനിയും വൈദികരെയും സിസ്റ്റേഴ്സിനെയും ആവശ്യമുണ്ട്. മറ്റ് പ്രേഷിത രംഗങ്ങളിലും, ലോകത്തെമ്പാടും പ്രേഷിതരെ ആവശ്യമുണ്ട്. നല്ല വൈദികരെയും സിസ്റ്റേഴ്സിനേയും ഞങ്ങൾക്ക് നല്കണമെന്ന് ഒരോരുത്തരും പ്രാർത്ഥിക്കുന്നതോടൊപ്പം ഇടവകകളിൽ നിന്നും സൽസ്വഭാവികളും നന്നായി പഠിക്കുന്നവരുമായ കുട്ടികളെ ദൈവവിളി സ്വീകരിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ക്യാമ്പിലേക്ക് പറഞ്ഞ് അയയ്ക്കുകയും വേണം. കുട്ടികൾ ദൈവം തങ്ങളെ വിളിക്കുന്നുണ്ട് എന്ന് മനസിലായാലുടനെ അതിന് സമ്മതം മൂളണം. പ്രേഷിത പ്രവൃത്തിക്ക് താൽപര്യമുള്ള കുട്ടികൾ ബഹു. അച്ചൻമാരെയോ സിസ്റ്റേഴ്സിനെയോ അദ്ധ്യാപകരെയോ സമീപിച്ച് കാര്യം അറിയിക്കേണ്ടതാണ്. കുട്ടികളുടെ ദൈവവിളി സ്വീകരണത്തിന് മാതാപിതാക്കൾ തടസ്സം നിൽക്കരുതെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു. ദൈവവിളി സ്വീകരണത്തിന് തടസ്സം നിന്നാൽ ദൈവ കോപം ഉണ്ടാകുമെന്നാണ് വിശുദ്ധ ജോൺ ബ്രിട്ടോ പറയുന്നത്.

''നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ'' (മത്തായി 28-19) എന്ന ഈശോയുടെ കല്പന പാലിക്കാൻ ജീവിതം മുഴുവനും ഉഴിഞ്ഞ്വെക്കുവാൻ നമ്മുടെ ഇടയിൽ നിന്നും ധാരാളം യുവതീ യുവാക്കൾ മുന്നോട്ട് വരട്ടേയെന്ന് എന്ന് ലോകരക്ഷകനായ ഈശോയോട് പ്രാർത്ഥിച്ചുകൊണ്ട് +പിതാവിന്റേയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റേയും + നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി + മാർ ലോറൻസ് മുക്കുഴി
25-02-2020 ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

**NB :** ഈ സർക്കുലർ 29 - 03 - 2020 ഞായറാഴ്ച്ച എല്ലാ കുർബ്ബാന മദ്ധ്യേയും വായിക്കേണ്ടതാണ്.



Ref : 3251/ K-5/ KCBC/OL/DS 04. 02. 2020

**2020 ലെ നോമ്പുകാല സന്ദേശം**

**ഫ്രാൻസിസ് പാപ്പാ**

''ഞങ്ങൾ ക്രിസ്തുവിനെ പ്രതി നിങ്ങളോട് അഭ്യർത്ഥിക്കുന്നു : നിങ്ങൾ ദൈവത്തോടു രമ്യപ്പെടുവിൻ '' (2കോറി 5 : 20)

പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിന്റെ മൂലക്കല്ലാണ് ക്രിസ്തുവിന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും മഹത്തായ രഹസ്യം. ആ രഹസ്യത്തെ പുതുക്കപ്പെട്ട ഹൃദയത്തോടെ ആചരിക്കാൻ നാം തയ്യാറാകണം. അതിന് ഈ വർഷം കർത്താവ് വീണ്ടും തക്കസമയം നല്കുന്നു. നമ്മൾ ആ രഹസ്യത്തിലേക്ക് മനസ്സുകൊണ്ടും ഹൃദയംകൊണ്ടും എപ്പോഴും തിരിച്ചുപോകണം. എന്തെന്നാൽ അതിന്റെ ആധ്യാത്മിക ശക്തിയോട് നാം കാണിക്കുന്നതനുസരിച്ച് അത് നമ്മിലുള്ള വളർച്ച തുടർന്നു കൊണ്ടിരിക്കും. സ്വാതന്ത്ര്യത്തോടും ഔദാര്യത്തോടും കൂടെ പ്രത്യുത്തരിക്കുകയും ചെയ്യും.

## 1. പെസഹാരഹസ്യം : മാനസാന്തരത്തിന്റെ അടിസ്ഥാനം

യേശുവിന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സദ്വാർത്ത കേൾക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതിൽ നിന്നാണ് ക്രൈസ്തവ സന്തോഷം ഉരുവാകുന്നത്. ഈ കെരിഗ്മ സ്നേഹത്തിന്റെ രഹസ്യത്തെ സമാഹരിക്കുന്നു. അത് ''യഥാർത്ഥവും സത്യസന്ധവും വസ്തു നിഷ്ഠവുമാണ്. അതുകൊണ്ട് തുറവിയുടെ ബന്ധത്തിലേക്കും ഫലപ്രദമായ സംവാദത്തിലേക്കും അതു നമ്മെ ക്ഷണിക്കുന്നു''(ക്രിസ്തു ജീവിക്കുന്നു, 117). നമ്മുടെ ജീവിതം നമ്മുടെതാണെന്നും നമ്മുടെ ഇഷ്ടം പോലെ അതിനെ ഉപയോഗിക്കാമെന്നുള്ള നുണ ഈ സന്ദേശത്തിൽ വിശ്വസിക്കുന്ന ആരും തള്ളിക്കളയുന്നു. നമ്മുടെ പിതാവായ ദൈവത്തിന്റെ സ്നേഹത്തിൽ നിന്നാണ് ജീവൻ ഉണ്ടായത്. നമുക്ക് ജീവൻ സമൃദ്ധമായി നല്കാനുള്ള ആഗ്രഹത്തിൽ നിന്നു തന്നെ (യോഹ 10 : 10) ''നുണകളുടെ പിതാവിന്റെ'' (യോഹ 8 : 44) പ്രലോഭിപ്പിക്കുന്ന ശബ്ദം നാം ശ്രവിച്ചാൽ യുക്തിയില്ലായ്മയുടെ അഗാധതയിലേക്ക് മുങ്ങിത്താഴുകയും ഈ ഭൂമിയിൽ തന്നെ നരകം അനുഭവിക്കുകയും ചെയ്യുകയെന്ന സാധ്യതയുണ്ടാകും. വ്യക്തിപരവും സാമൂഹികവുമായ മാനുഷികാനുഭവത്തിലെ ദുരന്തപരമായ അനേകം സംഭവങ്ങൾ അതിന് ഖേദകരമായി സാക്ഷ്യം വഹിക്കുന്നു.

രണ്ടായിരത്തി ഇരുപതിലെ ഈ നോമ്പുകാലത്ത്, ക്രിസ്തു ജീവിക്കുന്നു എന്ന അപ്പസ്തോലികാഹ്വനത്തിൽ യുവജനങ്ങൾക്കായി ഞാൻ എഴുതിയത് ഓരോ ക്രൈസ്തവനോടും കൂടെ പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു ''ക്രൂശിതനായ ക്രിസ്തുവിന്റെ വിരിക്കപ്പെട്ട കൈകളിൽ നിങ്ങളുടെ കണ്ണുകൾ ഉറപ്പിച്ച് പിടിക്കുക. നിങ്ങൾ വീണ്ടും വീണ്ടും രക്ഷിക്കപ്പെടട്ടെ. നിങ്ങൾ പാപങ്ങൾ ഏറ്റു പറയാൻ പോകുമ്പോൾ നിങ്ങളെ കുറ്റത്തിൽ നിന്നു സ്വതന്ത്രമാക്കുന്ന അവിടുത്തെ കാരുണ്യത്തിൽ ഉറച്ചു വിശ്വസിക്കുക. വലിയ സ്നേഹത്തോടെ ചൊരിയപ്പെട്ട അവിടുത്തെ രക്തത്തെപ്പറ്റി ധ്യാനിക്കുക. നിങ്ങൾ അതുവഴി ശുദ്ധീകരിക്കപ്പെടാൻ അനുവദിക്കുക. ഇങ്ങനെ നിങ്ങൾക്കു എന്നേക്കും പുതുതായി ജനിക്കാൻ കഴിയും'' (നമ്പർ 123). യേശുവിന്റെ പെസഹാ ഒരു കഴിഞ്ഞകാല സംഭവമല്ല. പിന്നെയോ, സഹിക്കുന്നവരിൽ ക്രിസ്തുവിന്റെ ശരീരത്തെ വിശ്വാസത്തോടെ കാണാനും തൊടാനും നമ്മെ സഹായിച്ചുകൊണ്ട് പരിശുദ്ധാത്മാവിന്റെ ശക്തി വഴി അത് എന്നും സന്നിഹിതമാണ്.

## 2. മാനസാന്തരത്തിന്റെ അടിയന്തരാവശ്യം

പെസഹാ രഹസ്യത്തെ കുടുതൽ ആഴത്തിൽ ധ്യാനിക്കുക നല്ലതാണ്. ആ രഹസ്യത്തിലൂടെയാണ് ദൈവത്തിന്റെ കരുണ നമ്മുടെ മേൽ ചൊരിയപ്പെട്ടത്. യഥാർത്ഥത്തിൽ ''എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി സ്വയം നല്കുകയും ചെയ്ത'' (ഗലാ 2 : 20) ക്രൂശിതനും ഉത്ഥിതനുമായ കർത്താവുമായി ''മുഖത്തോടു മുഖം'' പുലർത്തുന്ന ബന്ധത്തിൽ സുഹൃത്തുകൾ തമ്മിലുള്ള ഹൃദയപൂർവകമായ സംവാദത്തിൽ മാത്രമെ കാരുണ്യത്തിന്റെ അനുഭവം സാധ്യമാകുകയുള്ളു. അതുകൊണ്ടാണ് നോമ്പു കാലത്ത് പ്രാർത്ഥന ഏറെ പ്രാധാന്യമുള്ളതായിരിക്കുന്നത്. പ്രാർത്ഥന ഒരു കടമയെന്നതിനെക്കാൾ കൂടുതലായി ദൈവത്തിന്റെ സ്നേഹത്തോട് പ്രത്യുത്തരിക്കാനുള്ള നമ്മുടെ ആവശ്യത്തിന്റെ പ്രകാശനമാണ്. ആ സ്നേഹം എപ്പോഴും നമുക്കു മുമ്പേ പോകുന്നതും നമ്മെ നിലനിർത്തുന്നതുമാണ്. നമ്മൾ അയോഗ്യരാണെങ്കിലും നമ്മൾ സ്നേഹിക്കപ്പെടുന്നു എന്ന് അറിഞ്ഞുകൊണ്ടാണ് ക്രിസ്ത്യാനികൾ പ്രാർത്ഥിക്കുന്നത്. പ്രാർത്ഥനയ്ക്ക് വിവിധങ്ങളായ എത്രമാത്രം രൂപങ്ങളുമുണ്ടാകാം. എന്നാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ പ്രാധാന്യമർഹിക്കുന്നത് ഇതാണ്. അത് നമ്മുടെ ഹൃദയത്തിന്റെ ആഴത്തിലേക്ക് തുളച്ചുകയറുന്നു. എന്നേക്കും കൂടുതൽ പൂർണതയൊടെ ദൈവത്തിലേക്കും അവിടുത്തെ ഇഷ്ടത്തിലേക്കും തിരിയാൻവേണ്ടി നമ്മുടെ ഹൃദയകാഠിന്യത്തെ ചീകികളയുന്നു.



അതുകൊണ്ട് മരുഭൂമിയിലേക്കു ഇസ്രയേൽ നയിക്കപ്പെട്ടതുപോലെ (ഹോസി 2 : 14) നയിക്കപ്പെടാൻ അനുകൂലമായ ഈ കാലഘട്ടത്തിൽ നമുക്കു നമ്മെ തന്നെ അനുവദിക്കാം. നമ്മുടെ ദിവ്യമണവാളന്റെ ശബ്ദം കേൾക്കുകയെങ്കിലും ചെയ്യാനും നമ്മിൽ കൂടുതൽ ആഴത്തിൽ അത് പ്രതിധ്വനിക്കാനും അനുവദിക്കാം. നാം എത്ര പൂർണ്ണമായി ഈ വചനത്തിൽ നിലനില്ക്കുമോ അത്ര കൂടുതലായി അവിടുന്നു നമുക്കു ദാനമായി നല്കുന്ന കാരുണ്യം നാം അനുവദിക്കും. അവിടുത്തെ അടുക്കലേക്കുള്ള നമ്മുടെ തിരിച്ചു പോക്കിന്റെ കാലങ്ങളും മാർഗങ്ങളും നമുക്കു നിയന്ത്രിക്കാൻ കഴിയുമെന്ന വിഡ്ഢിത്തപരമായ മിഥ്യാബോധം വഴി കൃപാവരത്തിന്റെ ഈ സമയം വെറുതെ കടന്നുപോകാൻ അനുവദിക്കാതിരിക്കാം.

## 3. തന്റെ മക്കളോടു സംവദിക്കാനുള്ള ദൈവത്തിന്റെ ത്രീവമായ ആഗ്രഹം

ദൈവം നമുക്കു മാനസാന്തരത്തിനുള്ള സമുചിതമായ ഒരു സമയം വീണ്ടും തരുന്നു. അതു തനിയെ സംഭവിച്ചുകൊള്ളമെന്നു കരുതരുത്. ഈ പുതിയ അവസരം കൃതജ്ഞതയുടെ ബോധം നമ്മിൽ സംഭവിച്ചുകൊള്ളമെന്നു കരുതരുത്. ഈ പുതിയ അവസരം കൃതജ്ഞതയുടെ ബോധം നമ്മിൽ ഉണർത്തണം. നമ്മുടെ അലസതയിൽ നിന്നു നമ്മെ ഇളക്കിവിടണം. നമ്മുടെയും സഭയുടെയും ലോകത്തിന്റെയും ജീവിതത്തിൽ ചിലപ്പോൾ തിന്മയുടെ ദുരന്തപരമായ സാന്നിധ്യം ഉണ്ടാകും. എന്നാലും നമ്മുടെ ജീവിതഗതി മാറ്റാനുള്ളതാണ് ഈ സന്ദർഭം. അത് നമ്മളുമായുള്ള അവിടുത്തെ രക്ഷയുടെ സംവാദം തടയാതിരിക്കാനുള്ള അചഞ്ചലമായ ദൈവേഷ്ടത്തെ അത് പ്രകാശിപ്പിക്കുന്നു. പാപം അറിയാത്തവും എന്നാൽ നമുക്കുവേണ്ടി പാപമാക്കപ്പെട്ടവനുമായ (2 കോറി 5 : 21) ക്രൂശിതനുമായ യേശുവിൽ തന്റെ പുത്രനിൽ നമ്മുടെ പാപങ്ങളുടെ ഭാരം ചുമത്താൻ രക്ഷാകരമായ ഈ ഇഷ്ടം പിതാവിനെ പ്രേരിപ്പിച്ചു. അങ്ങനെ ബനഡിക്ട് 16-ാമന്റെ വാക്കുകളിൽ പറഞ്ഞാൽ, ''ദൈവം തനിക്കെതിരായി തന്നെത്തന്നെ തിരിച്ചു'' (ദൈവം സ്നേഹമാകുന്നു, 12). കാരണം ദൈവം തന്റെ ശത്രുക്കളെ സ്നേഹിക്കുന്നു (മത്താ 5 : 43 – 48).

ദൈവം തന്റെ പുത്രന്റെ പെസഹാരഹസ്യം വഴി നമ്മിൽ ഓരോരുത്തരുമായി നടത്താൻ ഉദ്ദേശിക്കുന്ന സംവാദത്തിന് പൊള്ളയായ സംസാരവുമായി യാതൊരു ബന്ധവുമില്ല. അത്തരം സംസാരം

ആഥൻസിലെ ജനതയ്ക്ക് ഉണ്ടായിരുന്നതായി പറയപ്പെടുന്നു. അവർ ''പുതുതായി എന്തെങ്കിലും പറയാനും കേൾക്കാനുമായിട്ടല്ലാതെ മറ്റൊന്നിനും വേണ്ടി സമയം ചെലവഴിച്ചില്ല (അപ്പ 17 : 21). ശൂന്യവും ഉപരിവിപ്ലവവുമായ ജിജ്ഞാസയാൽ നിശ്ചയിക്കപ്പെടുന്ന അത്തരം സംഭാഷണം ഒരോ യുഗത്തിന്റെയും ലൗകായതികത്വത്തിന്റെ സ്വഭാവമാണ്. നമ്മുടെ കാലത്തും മാധ്യമങ്ങളുടെ ദുരുപയോഗത്തിന് അതു കാരണമാകും.

**4. സമ്പന്നത പങ്കുവയ്ക്കാനുള്ളതാണ്, സ്വന്തമായി സൂക്ഷിക്കാനുള്ളതല്ല**

പെസഹാരഹസ്യത്തെ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രത്തിൽ സ്ഥാപിക്കുകയെന്നതിന്റെ അർത്ഥം ഇതാണ് : യുദ്ധങ്ങളിലുടെ നിരപരാധികളായ അനേകം ഇരകളിലും ജീവന്റെ മേലുള്ള ആക്രമണങ്ങളിലും സന്നിഹിതമായിരിക്കുന്ന ക്രൂശിതനായ ക്രിസ്തുവിന്റെ മുറിവുകളെക്കുറിച്ച് സഹതാപം തോന്നുക. ജനിക്കാനിരിക്കുന്നവർ മുതൽ വാർദ്ധക്യത്തിലെത്തിയ വ്യക്തികൾക്കെതിരേ വരെ അത്തരം ആക്രമണങ്ങളുണ്ട്. അക്രമത്തിന്റെ വിവിധ രൂപങ്ങളുമുണ്ട്. പരിസ്ഥിതിപരമായ അപകടങ്ങളിലും ഭൂമിയുടെ വസ്തുക്കളുടെ തുല്യമല്ലാത്തരീതിയിലുള്ള വിതരണത്തിലും എല്ലാ രൂപങ്ങളിലുമുള്ള മനുഷ്യക്കടത്തുകളിലും വിഗ്രഹാരാധനയുടെ ഒരു രൂപമായിരിക്കുന്ന ലാഭത്തിനുവേണ്ടിയുള്ള അനിയന്ത്രിതമായ ദാഹത്തിലും അവയുണ്ട്.

സന്മനസ്സുള്ള സ്ത്രീപുരുഷന്മാരോട് ഏറ്റവും ആവശ്യത്തിൽപ്പെട്ടവർക്ക് തങ്ങളുടെ വസ്തുകൾ ദാനധർമ്മം വഴി പങ്കുവയ്ക്കാൻ അഭ്യർത്ഥിക്കുകയെന്നത് ഇന്നും ഒരാവശ്യമാണ്. കൂടുതൽ നല്ല ലോകത്തെ പടുത്തുയർത്തുന്നതിന് വ്യക്തിപരമായി പങ്കുചേരാനുള്ള മാർഗ്ഗമാണത്. പരസ്നേഹപരമായ ദാനം നമ്മെ കൂടുതൽ മനുഷ്യത്വമുള്ളവരാക്കുന്നു. അതേ സമയം അപകടസാധ്യതകളെ വർദ്ധിപ്പിക്കുന്നത് നമ്മെ മനുഷ്യത്വമുള്ളവരാക്കുന്നു. നമ്മുടെ സ്വർത്ഥതയിൽ നാം തടങ്കലിലാക്കപ്പെടുന്നു. നമുക്ക് മുമ്പോട്ടുപോകാൻ കഴിയും, മുമ്പോട്ടുപോകുകയും വേണം. നമ്മുടെ സാമ്പത്തിക ജീവിതത്തിന്റെ ഘടനപരമായ വശങ്ങൾ പരിഗണിക്കുകയും വേണം. ഇക്കാരണത്താൽ നോമ്പുകാലത്തിന്റെ മധ്യത്തിൽ മാർച്ച് 26 മുതൽ 28 വരെ അസീസിയിൽ ഒരു സമ്മേളനം നടത്താൻ ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. യുവ ധനതത്ത്വശാസ്ത്രജ്ഞർ, സംരംഭകർ, മാറ്റം കൊണ്ടുവരുന്നവർ എന്നിവരുടെ



സമ്മേളനമാണത്. കൂടുതൽ നീതിപൂർവ്വകവും എല്ലാവരെയും ഉൾക്കൊള്ളിക്കുന്നതുമായ സാമ്പത്തിക വ്യവസ്ഥ രൂപപ്പെടുത്തുകയെന്നതാണ് അതിന്റെ ലക്ഷ്യം. സഭയുടെ പ്രബോധനാധികാരം പലപ്പോഴും ആവർത്തിച്ചിട്ടുള്ളതുപോലെ രാഷ്ട്രീയ ജീവിതം പരസ്നേഹത്തിന്റെ ശ്രേഷ്ഠമായ രൂപമാണ് (cf. Pius XI, Adress to Italian Federation of Catholic University Students, 18 December 1927). സാമ്പത്തിക ജീവിതത്തെ സംബന്ധിച്ചും ഇതു ശരിയാണ്. സുവിശേഷാത്മക ചൈതന്യത്തിൽ, സൗഭാഗ്യങ്ങളുടെ ചൈതന്യത്തിൽ അതിനെ സമീപിക്കാൻ കഴിയും.

നമ്മുടെ നോമ്പാചരണം ദൈവത്തോടു രമ്യപ്പെടാനുള്ള വിളി കേൾക്കാനും നമ്മുടെ നോട്ടം പെസഹാ രഹസ്യത്തിൽ ഉറപ്പിക്കാനും അവിടുത്തോട് തുറവിയുള്ളതും ആത്മാർത്ഥതയുള്ളതുമായ സംവാദം നടത്താനും വേണ്ടി പ്രാർത്ഥിക്കാൻ പരിശുദ്ധ കന്യകാമറിയത്തോട് ഞാൻ അപേക്ഷിക്കുന്നു. ഇങ്ങനെ തന്റെ ശിഷ്യൻ എപ്രകാരമുള്ളവരായിരിക്കണമെന്ന് ക്രിസ്തു ആവശ്യപ്പെടുന്നുവോ അപ്രകാരമായിരിക്കും നമ്മൾ - അതായത് ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായിരിക്കും(മത്താ 5 : 13-14).

**ഫ്രാൻസിസ് പാപ്പാ**
**റോമ, സെന്റ് ജോൺ ലാറ്ററനിൽ 7 ഒക്ടോബർ 2019**
**ജപമാല മാതാവിന്റെ തിരുനാൾ ദിവസം**

## പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പയുടെ സന്ദേശം
## ഇരുപത്തിയെട്ടാം രോഗീദിനാചരണം - 2020

"അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെയടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം " (മത്താ 11-28).

പ്രിയ സഹോദരീസഹോരന്മാരേ,

"അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെയടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം " (മത്താ 11-28) എന്ന യേശുവിന്റെ വാക്കുകൾ കൃപാവരത്തിന്റെ നിഗൂഢാത്മകമായ പാത ചുണ്ടിക്കാണിക്കുന്നു. ആ പാത ലളിത ഹൃദയമുള്ളവർക്ക് വെളിവാക്കപ്പെട്ടതാണ്. അത് ക്ലേശിതരും ക്ഷീണിതരുമായവർക്ക് പുതിയ ശക്തി നല്കുന്നു.

ക്രിസ്തുവിന്റെ ഈ വാക്കുകൾ വഴി മനുഷ്യപുത്രൻ മുറിവേറ്റവരും ക്ലേശിതരുമായ എല്ലാവരുമായുള്ള ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നു. എത്രയോ മനുഷ്യൻ ശരീരത്തിലും ആത്മാവിലും സഹിക്കുന്നു. തന്റെ യടുത്തേക്കു വരാൻ യേശു ഓരോ വ്യക്തിയെയും നിർബന്ധിക്കുന്നു. അവിടുന്നു പറയുന്നു എന്റെയടുക്കൽ വരുവിൻ അവിടുന്ന് ആശ്വാസവും പ്രശാന്തതയും വാഗ്ദാനം ചെയ്യുന്നു.

" യേശു ഇതു പറയുമ്പോൾ ഗലീലിയിലെ തെരുവീഥികളിൽ ഓരോ ദിവസവും കണ്ടുമുട്ടുന്ന മനുഷ്യർ അവിടത്തെ മുൻമ്പിലുണ്ട് ധാരളം സാധാരണക്കാർ, ദരിദ്രർ, രോഗികൾ, പാപികൾ, നിയമത്തിന്റെയും സാമൂഹിക വ്യവസ്ഥിതിയുടെയും ഭാരത്താൽ അരികുകളിലാക്കപ്പെട്ടവർ...ഈ മനുഷ്യർ അവിടുത്തെ പിന്തുടർന്നു - പ്രത്യശ നൽക്കുന്ന ഒരു വാക്കുകേൾക്കാൻ. യേശുവിന്റെ വാക്കുകൾ എപ്പോഴും പ്രത്യാശ നല്കുന്നു!" (Angelus, 6 July 2014).

ഇരുപത്തിയെട്ടാം ലോകരോഗിദിനാചരണത്തിൽ യേശു ഈ വാക്കുകൽ രോഗികളോടും പീഡിതരോടും ദരിദ്രരോടും ആവർത്തിക്കുന്നു. എന്തെന്നാൽ തങ്ങൾ പൂർണ്ണമായും ദൈവത്തെ ആശ്രയിക്കുന്നുവെന്നും ക്ലേശങ്ങളുടെ ഭാരത്തിൻ കീഴിൽ അവിടത്തെ സൗഖ്യദാനം ആവശ്യമായിരിക്കുന്നുവെന്നും അവർ തിരിച്ചറിയുന്നു. ദൗർബല്യത്തിന്റെയും സഹനത്തിന്റെയും ബലഹീനതയുടെയും സാഹചര്യങ്ങൾ സാഹിക്കുന്നവരിൽ നിന്നു യേശു ഒന്നും ആവശ്യപ്പെടുന്നില്ല. പിന്നെയോ അവിടന്ന് തന്റെ കാരുണ്യവും ആശ്വാസകരമായ സാന്നി



ധ്യവും നല്കുന്നു. ഓരോ വ്യക്തിയുടെയും ഹൃദയത്തിലേക്ക് ഉറ്റുനോക്കുന്ന കണ്ണുകളുള്ള അവിടുന്ന് മുറിവേറ്റ മനുഷ്യവംശത്തെ നേക്കുന്നു. നോട്ടം നിസ്സംഗതയുടെതല്ല. ഓരോ വ്യക്തിയെയും ആ വ്യക്തിയുടെ ആരോഗ്യസ്ഥിതിയെയും ആശ്ലേഷിക്കുന്നു. ആരേയും വിട്ടുകളയുന്നില്ല. പിന്നെയോ തന്റെ ജിവിതത്തിൽ പങ്കുചേരാനും തന്റെ മൃദുല സ്നേഹം അനുഭവിച്ചറിയാനും ഓരോ വ്യക്തിയെയും അവിടന്നു ക്ഷണികുന്നു.

2. എന്തുകൊണ്ടാണ് യേശുവിന് ഈ വികാരങ്ങളുണ്ടാകുന്നത്? എന്തെന്നാൽ അവിടുന്ന് തന്നെ ദുർബലനായി മാനുഷിക സഹനം അനുഭവിച്ചു. തന്റെ പിതാവിൽനിന്ന് ആശ്വാസം സ്വീകരിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ വ്യക്തിപരമായി വേദന അനുഭവിക്കുന്നവർക്കു മാത്രമേ മറ്റുള്ളവരെ ആശ്വസിപ്പിക്കാൻ കഴിയുകയുള്ളു. ഗൗരവപൂർണ്ണമായ സഹനത്തിന്റെ അനേകം ഇനങ്ങളുണ്ട്: സുഖപ്പെടുത്താനാവാത്ത രോഗങ്ങൾ, മാനസിക രോഗങ്ങൾ, പുനരധിവാസമോ പാല്ലിയേറ്റിവു കെയറോ ആവശ്യമായിരിക്കുന്ന രോഗങ്ങൾ. അംഗവൈകല്യത്തിന്റെ അസംഖ്യം രൂപങ്ങൾ. കുട്ടികൾക്കുള്ളവ അഥവാ പാരബര്യരോഗങ്ങൾ.....ചിലപ്പോൾ ഇവരോടുള്ള നമ്മുടെ സമീപനത്തിൽ മാനുഷികമായ ഊഷ്മളത ഇല്ലാതായിപ്പോകുന്നു. രോഗികളോടുള്ള വ്യക്തിപരമായ സമീപനമാണ് ആവശ്യമായിരിക്കുന്നത്.

സുഖപ്പെടുത്തൽ മാത്രമല്ല സമഗ്രമായ മാനുഷിക സുഖപ്പെടലിനെ ലക്ഷ്യം വയ്ക്കുന്ന ശുശ്രൂഷയാണ് ആവശ്യം.

വ്യക്തികൾ രോഗം അനുഭവിക്കുമ്പോൾ തങ്ങളുടെ ശാരീരിക സമഗ്രതക്ക് ഭീഷണിയുണ്ടെന്നു മാത്രമല്ല അവർക്കു തോന്നുന്നത്. പിന്നെയോ തങ്ങളുടെ ജിവിതത്തിന്റെ ബന്ധപരവും ബുദ്ധിപരവും വികാരപരവും ആധ്യത്മികവുമായ മാനങ്ങളും ഭീഷണിയിലാണെന്ന് അവർക്കു തോന്നും. ഇക്കാരണത്താൽ ചികിത്സയ്ക്കും പിന്തുണയ്ക്കും പുറമേ ശുശ്രൂഷയും ശ്രദ്ധയും കൂടി അവർ പ്രതീക്ഷിക്കുന്നു. ഒറ്റവക്കിൽ പറഞ്ഞാൽ സ്നേഹം പ്രതിക്ഷിക്കുന്നു. രോഗിയായ ഓരോ വ്യക്തിയുടെയും സമീപത്ത് ഒരു കുടുംബവുമുണ്ടാകും. അതു തന്നെ സഹനത്തിലാണ്. പിന്തുണയും ആശ്വാസവും അതിന് ആവശ്യമുണ്ട്.

3. രോഗികളായ പ്രിയസഹോദരിസഹോദരന്മാരേ, നിങ്ങളുടെ രോഗം ഒരു പ്രത്യേകവിധത്തിൽ നിങ്ങളേ "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമാക്കുന്നു." അങ്ങനെ യേശുനിന്റെ കണ്ണുകളേയും ഹൃദ

യത്തെയും നിങ്ങൾ ആകർഷിക്കുന്നുണ്ട്. നിങ്ങളുടെ ഏറ്റവും ഇരുട്ടു നിറഞ്ഞ നിമിഷങ്ങളെ പ്രകാശിപ്പിക്കാനുള്ള പ്രകാശവും നിങ്ങളുടെ അസ്വസ്ഥത കുറയ്ക്കാനുള്ള പ്രത്യാശയും നിങ്ങൾ യേശുവിൽ കണ്ടുമുട്ടും. ''എന്റെയടുത്തേക്കു വരുവിൻ''എന്ന് അവിടുന്ന് നിങ്ങളെ നിർബന്ധിക്കുന്നു. ശരീരത്തിന്റെയും ആത്മാവിന്റെയും ഈ ''ഇരുണ്ട രാത്രിയിൽ'' നിങ്ങളെ ആക്രമിക്കുന്ന ആകുലതകളേയും ചോദ്യങ്ങളേയും നേരിടനുള്ള ശക്തി നിങ്ങൾ യേശുവിൽ കണ്ടുമുട്ടും. ക്രിസ്തു നമ്മുക്ക് കുറുപ്പടികൾ നല്കിയില്ല. പിന്നെയേ തന്റെ പീഡാസഹനം, മരണം, ഉത്ഥാനം എന്നിവയിലൂടെ നമ്മെ അവിടന്ന് തിന്മയുടെ കടുംപിടിത്തത്തിൽ നിന്ന് സ്വാതന്ത്രരാക്കുന്നു.

നിങ്ങൾ രോഗം അനുഭവിക്കുമ്പോൾ തീർച്ചയായും നിങ്ങൾക്ക് വിശ്രമസ്ഥലം കണ്ടുപിടിക്കേണ്ടിവരും. കൂടുതൽ കൂടുതൽ നല്ല സമറായനായ യേശുക്രിസ്തുവിന്റെ (cf ലൂക്ക 10 : 34) ''സത്രം'' ആയി തീരാൻ, അതായത്, അവിടത്തെ കൃപ കണ്ടുമുട്ടാനുള്ള ഭവനമായിത്തീരാൻ, സഭ ആഗ്രഹിക്കുന്നു, അവിടെ അടുപ്പവും സ്വീകാര്യവും ആശ്വസവും പ്രകാശിപ്പിക്കപ്പെടുന്നു. ഈ ഭവനത്തിൽ ദൈവകൃപയാൽ രോഗങ്ങൾ സുഖമാക്കപ്പെട്ടവരെ നിങ്ങൾക്ക് കാണാം. കുരിശുകൾ വഹിക്കാൻ നിങ്ങളെ അവർ സഹായിക്കും. നിങ്ങളുടെ സഹനത്തെ സംബന്ധിച്ച് പുതിയൊരു വീക്ഷണം നൽകാൻവേണ്ടിയണത്. നിങ്ങളുടെ രോഗത്തിനപ്പുറത്ത് പുതിയ പ്രകാശത്തിന്റെയും നിങ്ങളുടെ ജിവിതത്തിന്റെ പുതിയ ശക്തിയുടെയും കൂടുതൽ വലിയ ചക്രവാളത്തിലേക്കു നോക്കാൻ നിങ്ങൾക്കു കഴിയും.

രോഗികളായ നമ്മുടെ സഹോദരീസഹോദരന്മാർക്ക് വിശ്രമവും നവീകരണവും നല്കാനുള്ള ഈ പരിശ്രമത്തിൽ ആരോഗ്യസംരക്ഷണ പ്രവർത്തകരായ ഡോക്ടർമാർ, നേഴ്സുമാർ, ചികിൽസാപരവും കാര്യനിർവഹണപരമായ കാര്യങ്ങളിൽ വിദഗ്ധരായാവർ, സഹായികൾ, വോളന്റിയർമാർ എന്നിവർ സുപ്രധാനമായ ഒരു പങ്കു വഹിക്കുന്നു. അവരുടെ വൈദഗ്ധ്യത്തിനു നന്ദി. രോഗികളെ ആശ്വസിപ്പിക്കുകയും ശുശ്രൂഷിക്കുകയും എല്ലാം രോഗവും സുഖപ്പെടുത്തുകയും ചെയ്യുന്ന ക്രിസ്തുവിന്റെ സാന്നിധ്യം അനുഭവിക്കുന്നതിന് രോഗികൾക്കു ശക്തി നൽക്കാൻ അവർക്ക് കഴിയും. എന്നാലും അവർ സ്വന്തം ബലഹീനതകളുള്ളവരും രോഗങ്ങൾപോലും ഉള്ളവരുമായ സ്ത്രിപുരുഷന്മാരാണ്. താഴപ്പറയുന്നത് എത്ര സത്യമാണന്ന് അവർ കാണിക്കുന്നു: ''ക്രിസ്തുവിൽ നിന്ന് ആശ്വാസവും വിശ്രമവും സ്വീകരിച്ചു കഴിഞ്ഞാൽ നമ്മുടെ സഹോദരീസഹോദരന്മാർക്ക് വിശ്രമവും ആശ്വാസവുമാകാൻ



നമ്മൾ വിളിക്കപ്പെടുന്നു. ദിവ്യഗുരുവിനെ അനുകരിച്ചുക്കൊണ്ട് വിനയപൂർവ്വകവും വിനീതവുമായ മനോഭവത്തോടെ നാം അങ്ങനെ ചെയ്യണം'' (Angelus, 6 July 2014).

4. പ്രിയപ്പെട്ട ആരോഗ്യ ശുശ്രൂഷാവിദഗ്ധരേ, നമ്മൾ ഒരു കാര്യം എപ്പോഴും ഓർമ്മിക്കം: രോഗനിർണ്ണയം, രോഗനീവാരണം, ചികിത്സ, ഗവേഷണം, പുനരധിവാസം എന്നിവ എപ്പോഴും രോഗിയായ വ്യക്തിക്കുവേണ്ടിയാണ്. ''വ്യക്തി'' എന്ന നാമം ''രോഗി'' എന്ന വിശേഷണത്തെക്കാൾ മുൻഗണനയർഹിക്കുന്നതാണ്. നിങ്ങളുടെ ജോലിയിൽ നിങ്ങൾ എപ്പോഴും ഓരോ വ്യക്തിയുടെയും മഹത്ത്വത്തെയും ജിവിതത്തെയും വളർത്താൻ പരിശ്രമിക്കണം. വേദനിപ്പിക്കാതെ മരിപ്പിക്കൽ, ആത്മഹത്യയ്ക്കുള്ള സഹായം, ജീവനെ നശിപ്പിക്കൽ എന്നിവ സ്ഥിര രോഗത്തിന്റെ കാര്യത്തിൽപോലും, സമ്മതിക്കരുത്.

വർധിച്ചുവരുന്ന പ്രശ്നസങ്കീർണമായ രോഗങ്ങളുടെ മുബിൽ ചികിത്സാശാസ്ത്രത്തിന്റെ പരിമിതികളെയും - പരാജയങ്ങളെപ്പോലും - നേരിടേണ്ടിവരും. അപ്പൊൾ നിങ്ങളുടെ പ്രൊഫഷന്റെ അതിശായിയായ മാനത്തോടു തുറവിയുള്ളവരായിരിക്കുവാൻ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു. അത് പ്രൊഫഷന്റെ പരമമായ അർത്ഥം വേളിവാക്കും. ജിവൻ വിശുദ്ധമാണെണും അതു ദൈവത്തിന്റെതാണെന്നും നമ്മുക്ക് ഓർമ്മിക്കാം. അതുക്കൊണ്ട് അത് അലംഘ്യമാണ്. തോന്നുന്നതുപ്പോലെ അതിനെ കൈകാര്യം ചെയ്യാൻ അവകാശമുണ്ടെന്ന് ആർക്കും അവകാശപ്പെടാനാവുകയില്ല (cf ജീവന്റെ ദാനം 5, ജീവന്റെ സുവിശഷം : 29 - 53).

ജീവനെ ആരംഭംമുതൽ അവസാനംവരെ സ്വാഗതം ചെയ്യുകയും സംരക്ഷിക്കുകയും ആദരിക്കുകയും ശുശ്രൂഷിക്കുകയയും വേണം. മനുഷ്യബുദ്ധിയും ജിവന്റെ കർത്താവായ ദൈവത്തിലുള്ള വിശ്വാസവും ഇത് ആവശ്യപ്പെടുന്നു. ജീവനോടും മനുഷ്യവ്യക്തിയോടുമുള്ള നിങ്ങൾ ''അതേ'' എന്ന നിശ്ചയത്തിൽ നിങ്ങൾ ഉറച്ചു നിൽകുന്നുവെങ്കിൽ ചില കേസുകളിൽ ബോധപ്പൂർവ്വമായ എതിർപ്പ് അത്യാവശ്യമായ തീരുമാനമായിത്തീരുന്നു. ക്രൈസ്തവ പരസ്നേഹത്തിൽ സഹായിക്കപ്പെടുന്ന നീങ്ങളുടെ തൊഴിൽവൈദഗ്ധ്യം ജിവനുള്ള അവകാശമാക്കുന്ന ഏറ്റവും യഥാർത്ഥമായ മാനുഷികാവകാശത്തെ സംരഷിക്കുന്നതിന് നിങ്ങൾക്കു നല്കാൻ കഴിയുന്ന ഏറ്റവും നല്ല സേവനമായിരിക്കും. നിങ്ങൾക്ക് സുഖപ്പെടുത്താൻ ഒട്ടും സാധ്യമല്ലാതാകുബോൾ ശുശ്രുഷയും സുഖപ്പെടുത്താൻ നിങ്ങൾക്കു കഴിയും. രോഗിക്ക് ആശ്വാസം

നൽകുന്ന പെരുമാറ്റംക്കൊണ്ടും ചികിത്സാപ്രക്രിയകൾ ക്കൊണ്ടും അങ്ങനെ ചെയ്യാം.

യുദ്ധത്തിന്റെയും അക്രമപരമായ സംഘട്ടനത്തിന്റെയും ചില സാഹചര്യങ്ങളിൽ രോഗികളെ സ്വീകരിക്കുകയും ചെയ്യുന്ന ആരോഗ്യ സംരക്ഷണ വിദഗ്ധരും സൗകര്യങ്ങളും ആക്രമിക്കപ്പെടന്നുവെന്നത് ദുരന്തപരമാണ്. ചില പ്രദേശങ്ങളിൽ രാഷ്ട്രാധികാരികൾ സ്വന്തം നേട്ടത്തിനായി ചികിത്സയെ ദുരുപയോഗിക്കാൻ പരിശ്രമിക്കുന്നുണ്ട്. അങ്ങനെ അവർ ചികിത്സാവിദഗ്ധരുടെ നിയമാനുസൃതമായ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നു. എന്നാലും സമൂഹത്തിലെ സഹായിക്കുന്ന അംഗങ്ങളെ ശുശ്രൂഷിക്കാൻവേണ്ടി സ്വയം സമർപ്പിക്കുന്നവരെ അക്രമിക്കുന്നത് ആരുടെയും താൽപര്യങ്ങളെ സംരക്ഷിക്കുകയില്ല.

5. ദാരിദ്രത്തിൽ ജീവിക്കുന്നതുകൊണ്ട് ചികിത്സ ലഭിക്കാനാവാത്തവരായി ലോകത്തിലെങ്ങുമുള്ള അനേകം സഹോദരിസഹോദരന്മരെപ്പറ്റി 28 -ാം ലോക രോഗിദിനാചരണത്തിൽ ഞാൻ ചിന്തിക്കുന്നു. ഇക്കാരണത്താൽ സാമ്പത്തിക താൽപര്യങ്ങൾ മൂലം സാമൂഹിക നീതി അവഗണിക്കാതിരിക്കാൻ ലോകമെങ്ങുമുള്ള ചികിത്സാ സ്ഥാപനങ്ങളെയും സർക്കാരിന്റെ നേതാക്കളേയും ഞാൻ നിർബന്ധിക്കുന്നു. ആരോഗ്യം സംരക്ഷിക്കാനും ലഭ്യമാക്കാനുള്ള സമുചിതമായ ചികിത്സാ ഓരോ വ്യക്തിക്കും ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഐക്യദാർഢ്യത്തിന്റെയും ധനസഹായത്തിന്റെയും തത്ത്വങ്ങളെ യോജിപ്പിച്ച്ക്കൊണ്ട് സഹകരിക്കാനുള്ള പരിശ്രമങ്ങൾ ഉണ്ടാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. സംവിധാനപരമായ കുറവുകൾ പരിഹരിച്ചുകൊണ്ടും നല്ല സമറായനായ ക്രിസ്തുവിന്റെ പ്രതിഛായയെപ്പറ്റി ചിന്തിച്ചുകൊണ്ടും വാത്സല്യപൂർവകമായ സ്നേഹവും അടുപ്പവുംകെണ്ട് രോഗികളെ ശുശ്രൂഷിക്കുന്ന സന്നദ്ധസേവകർക്ക് ഞാൻ ഹൃദയപൂർവ്വം എന്റെ നന്ദി പറയുന്നു. രോഗത്തിന്റെ ഭാരം വഹിക്കുന്നവരെ അവരുടെ കുടുംബങ്ങളോടും ചികിത്സ ചെയ്യുന്ന എല്ലാവരോടും കൂടെ രോഗികളുടെ ആരോഗ്യമായ പരിശുദ്ധ കന്യകാമറിയത്തിന് ഞാൻ സമർപ്പിക്കുന്നു.

എന്റെ പ്രാർത്ഥനകളിൽ ഓർക്കാമെന്ന് ഉറപ്പുനൽകിക്കൊണ്ട് ഹൃദയപുർവം എന്റെ അപ്പസ്തോലികാശീർവാദം ഞാൻ നൽക്കുന്നു.

വത്തിക്കാനിൽ നിന്ന്, 3 ജനുവരി 2020

യേശുവിന്റെ ഏറ്റവും വിശുദ്ധ നാമത്തിന്റെ ഓർമ്മദിവസം

**ഫ്രാൻസിസ് പാപ്പാ**



# രൂപതാകാര്യാലയം

## ♦ Pope's Monthly Intention for March 2020

**"കർത്താവായ ദൈവമെ ചൈനയിലെ സഭയെ പ്രത്യേകം സമർപ്പിക്കുന്നു. സുവിശേഷത്തോടുള്ള വിശ്വസത്തിൽ വളർന്ന് ദൈവൈക്യത്തിൽ നിലനിൽക്കുവാൻ ചൈനയിലെ കത്തോലിക്കാ വിശ്വാസികളെ ശക്തിപ്പെടുത്തണമെന്ന് പ്രാർത്ഥിക്കാം".**

## ♦ ഓർമിക്കേണ്ട ദിവസങ്ങൾ

1 നോമ്പ് രണ്ടാം ഞായർ

6 നോമ്പ് രണ്ടാം വെള്ളി (ആദ്യവെള്ളി)

8 നോമ്പ് മൂന്നാം ഞായർ

15 നോമ്പ് നാലാം ഞായർ

18 നോമ്പ് നാലാം ബുധൻ (ജറുസലെമിലെ വി. സിറിൽ)

19 നോമ്പ് നാലാം വ്യാഴം (യൗസേപ്പിതാവിന്റെ മരണത്തിരുനാൾ)

22 നോമ്പ് അഞ്ചാം ഞായർ

25 നോമ്പ് അഞ്ചാം ബുധൻ (മംഗലവാർത്തത്തിരുനാൾ)

29 നോമ്പ് ആറാം ഞായർ

## ♦ Let us pray for Rev. Priests :

**Birth day**

| | |
|---|---|
| Joseph Veliyath SJB | 01 |
| Peter Patharamchira | 04 |
| Francia Odampally | 08 |
| Xavier Vadakeyil | 11 |
| Abraham Patteril | 16 |
| George Pazheparambil | 18 |

Joseph Puthiyedath 24
Joseph Pampackal 25

**Feast Day- March 19 : St. Joseph**

Joseph Valiaparambil
Joseph Achandy CMI
Joseph Puthettupadavil
Joseph Mattam
Jose Ayamkudy
Joseph Kurialassery
Joseph Pampackal
Joseph Valookaran
Joseph Puthiyedath
Joseph Puthussery
Joseph Poothakkuzhiyil
Joseph Mukkattu
Joseph Cheeran
Joseph Kelamparambil
Joseph Theruvamkunnel MCBS
Joseph Veliyath SJB
Joseph Puthuparambil
Joseph Parambanattu OFM Cap.,

**♦ രൂപതാ ജീവകാരുണ്യ ഫണ്ട്**

ജീവകാരുണ്യ നിധിയിലേക്കുള്ള സംഭാവനകൾ സ്വീകരിക്കുവാനുള്ള കവറുകൾ, വാർഡ് പ്രതിനിധികൾ വീടുകളിൽ എത്തിക്കേണ്ടതാണ്. മാർച്ച് മാസം 22-ാം തിയതി ഞായറാഴ്ച കുർബാനക്ക് വരുമ്പോൾ ബഹു. വികാരിയച്ചനെ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ലഭിക്കുന്ന തുക തന്നവരുടെ ലിസ്റ്റ് സഹിതം ഏപ്രിൽ - 5 ന് മുമ്പ് രൂപതാ കേന്ദ്രത്തിൽ എത്തിക്കുവാൻ ആവശ്യമായത് ചെയ്യണമെന്ന് ബഹു. വികാരിയച്ചൻമാരോട് അഭ്യർത്ഥിക്കുന്നു.



**♦ വൈദിക സമ്മേളനവും വി. മൂറോൻ വെഞ്ചിരിപ്പും**

വൈദിക സമ്മേളനം മാർച്ച് മാസം 31-ാം തീയതി വൈകുന്നേരം 5.00 മണിക്ക് ആരംഭിച്ച്, ഏപ്രിൽ മാസം 1-ാം തീയതി ഉച്ചയോടെ സമാപിക്കുന്നു. ഏപ്രിൽ മാസം 1 -ാം തീയതി രാവിലെ കത്തീഡ്രൽ ദേവാലയത്തിൽ വെച്ച് വി. മൂറോൻ വെഞ്ചിരിപ്പ് ഉണ്ടായിരിക്കുന്നതാണ്. രൂപതയിലെ മുഴുവൻ വൈദികരും പങ്കെടുക്കേണ്ടതാണ്.

**♦ സ്വാഗതം :**

സി. എം. ഐ. സന്യാസ സമൂഹത്തിൽനിന്നും രൂപതയിൽ സേവനത്തിനായി കടന്നുവന്നിരിക്കുന്ന ബഹു. ജെക്കബ് ചെങ്ങംചെരിയിൽ അച്ചന്, രൂപതയിലേയ്ക്ക് സ്വാഗതവും, പുതിയ സേവന രംഗങ്ങളിൽ ദൈവാനുഗ്രഹവും, വിജയങ്ങളും നേരുകയും ചെയ്യുന്നു.

**♦ Transfers and Appointments of Priests' 2020 February :**

| Names & Surname | Parish | Designation |
|---|---|---|
| Rev. Fr. Changemcheril Jacob CMI | Jadkal & Kundapura | Asst. Vicar |

**♦ New Phone Number :**
**Rev. Fr. Jacob Chengemcheril : 6396507814**

♦ പിരിവ് : **Lenten Collection - 29th March 2020**

**Fr. Lawrence Poonolil**
Chancellor

# വിശ്വാസപരിശീലന രംഗം

"ഒന്നിനെക്കുറിച്ചും ആകുലരാകേണ്ടാ. പ്രാർഥനയിലൂടെയും അപേക്ഷയിലൂടെയും കൃതജ്ഞതാസ്തോത്രങ്ങളോടെ നിങ്ങളുടെ യാചന കൾ ദൈവസന്നിധിയിൽ അർപ്പിക്കുവിൻ. അപ്പോൾ, നമ്മുടെ എല്ലാ ധാരണയെയും അതിലംഘിക്കുന്ന ദൈവത്തിൻെറ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും ചിന്തകളെയും യേശുക്രിസ്തുവിൽ കാത്തുകൊള്ളും." (Phil. 4:6-7)

## മാർച്ച് -19 വി. യൗസെഫിതാവിന്റെ തിരുനാൾ ആശംസകൾ

അവിടുന്ന് അവനെ എന്നേക്കും അനുഗ്രഹപൂർണനാക്കി; അങ്ങയുടെ സാന്നിധ്യത്തിൻെറ സന്തോഷംകൊണ്ട് അവനെ ആനന്ദിപ്പിച്ചു (സങ്കി. 21:6) തിരുസഭ വി. യൗസേപ്പിതാവിന്റെ മരണ തിരുനാൾ മാർച്ച് 19 ാം തീയതി ഭക്തി പുരസരം ആഘോഷിക്കുകയാണല്ലോ. നീതിമാൻ എന്ന പേരിനാൽ സുവി ശേഷത്തിൽ പ്രത്യക്ഷപ്പെടുന്ന ആളാണ് വി. യൗസെപ്പിതാവ്. തന്റെ ജീവിത ത്തിൽ അനുഭവപ്പെട്ട എല്ലാ വേദനകളിലും പ്രശ്നങ്ങളിലും ദൈവത്തിനു ഇടം കൊടുത്ത വ്യക്തിയാണ് അവിടുന്ന്. മനസ്സിലെ സ്വപ്നങ്ങൾ വ്യതിചലിച്ച പ്പോൾ അവിടുന്ന് സമചിത്തത പാലിച്ചു. എന്നാൽ സ്വപ്നത്തിലൂടെ ലഭിച്ച ദൈവഹിതം അനുസരിച്ചു ജീവിച്ചു വി. യൗസേപ്പിതാവ്. അങ്ങനെ അവി ടുന്ന് ലോകത്തിൽ ഇതുവരെ ആർക്കും സിദ്ധിക്കാത്ത ലോകരക്ഷകനായ ഈശോയുടെ വളർത്തു പിതാവും പരി. അമ്മയുടെ വിരക്ത ഭർത്താവുമായി. ഈ വിശുദ്ധന്റെ സ്മരണകൾക്ക് മുമ്പിൽ നമ്മുടെ ജീവിതാനുഭവങ്ങളെയും നിശബ്ദ സഹനങ്ങളെയും ദൈവഹിതത്തിനു സമർപ്പിക്കാം. ഒരിക്കൽകൂടി എല്ലവർക്കും പ്രത്യേകമായി ജോസഫ് നാമധാരികളായ എല്ലാവർക്കും തിരു നാളാശംസകളും പ്രാർത്ഥനയും നേരുന്നു.

## വിശ്വാസ പരിശീലന ക്ലാസ്സുകളുടെ സന്ദർശനം.

**ഫെബ്രുവരി- 02:** സിദ്ധാപുര (കൊഡഗു), ബാണവാര, കാഞ്ചാൽ, **ഫെബ്രുവരി-9:** ബജഗോളി, മാളാ-ചൗക്കി, ഹെബ്രി, അജെക്കാർ, **ഫെബ്രുവരി- 16:** ഹൊസ്കോട്ടെ, ഹെഗ്ഗള, ഗോണികോപ്പലു, മൂർനാടു, **ഫെബ്രുവരി-23:** മണിപാൽ, കൽമക്കി, മദ്ദോഡി, ശിറുറു, കുന്ദാപുര - എന്നീ ഇടവകക ളിൽ രൂപതാ റ്റീം അംഗങ്ങൾ സന്ദർശനം നടത്തി; വിശ്വാസ പരിശീലന ക്ലാസ്സു കൾ, മിഷൻലീഗ്, തിരുബാല സഖ്യം എന്നിവയുടെ പ്രവർത്തനങ്ങൾ വിലയി രുത്തി. ഇതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തു സഹകരിച്ച ബഹു. വികാരി അച്ചന്മാർക്കും അദ്ധ്യാപകർക്കും പ്രത്യേകം നന്ദി.



## അടുത്ത വിസിറ്റുകൾ:

**March 01** - Nellyady, Puttur, Sullia And Sampaje.
**March 08** - Siddapura -Kundapura, Ajiri, Thotathady And Katipalla.
**March 15** - Battial, Bolminar And Kalanja

## വാർഷിക പരീക്ഷ: - മാർച്ച് 29

**സമയം: രാവിലെ 10.00 മുതൽ 1.00 മണിവരെ.**

**10 ാം ക്ലാസ്സിന്: ഏപ്രിൽ 18.**
**സമയം: രാവിലെ 10.00 മുതൽ 1.00 മണിവരെ.**

**പരീക്ഷ അപേക്ഷാ ഫോം - 2020**

ഇടവകക്കാവശ്യമായ ചോദ്യക്കടലാസ്സുകളുടെ എണ്ണം അറിയിക്കാനുള്ള ഫോം, സ്ക്കോളർഷിപ്പ്, ഡിപ്ളോമ, പോസ്റ്റ് ഡിപ്ളോമ ഫോം എന്നിവ ഇനിയും തരാത്തവർ മറക്കാതെ **മാർച്ച് 10 - ാം** തിയ്യതിക്കു മുമ്പ് വിശ്വാസ പരിശീലന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ഫോട്ടോ അയച്ചുതന്നാൽ പോര. അതോ ടൊപ്പം 10, 12 ക്ലാസ്സുകളിലെ കുട്ടികളുടെ ഫോട്ടോയും അയച്ചുതരാൻ മറക്ക രുതേ.

## പരീക്ഷ സുഗമമായി നടത്തുന്നതിനുവേണ്ട ഏതാനും നിർദ്ദേശ ങ്ങൾ താഴെ ചേർക്കുന്നു.

1. പരീക്ഷാ സമയം 10.00 മണി മുതൽ 1.00 മണിവരെയായിരിക്കും. ഈ സമ യത്തിന് ഒരു മാറ്റവും വരുത്താൻ പാടുള്ളതല്ല.
2. ഫൊറോന വികാരി ഓരോ ഇടവകയ്ക്കും നിയമിച്ചിരിക്കുന്ന സൂപ്പർവൈ സർമാർ തങ്ങളുടെ സെന്ററിൽ രാവിലെ 9.30-നു മുമ്പായി എത്തി, അവി ടുത്തെ ബഹു. വികാരിയച്ചനെ നേരിൽകണ്ട് വന്ന വിവരം അറിയിക്കേണ്ട താണ്.
3. ചോദ്യക്കടലാസ് പായ്ക്കറ്റ് പരീക്ഷയ്ക്ക് 15 മിനിറ്റ് മുമ്പ് സൂപ്പർവൈസർമാ രുടെ സാന്നിദ്ധ്യത്തിൽ മാത്രമേ തുറക്കാവൂ.
4. സ്കോളർഷിപ്പ് പരീക്ഷ എഴുതുന്ന കുട്ടികൾ ഉത്തരക്കടലാസ്സിൽ വിശ്വാ സപരിശീലന കേന്ദ്രത്തിൽനിന്നും നൽകിയിരിക്കുന്ന രജിസ്റ്റർ നമ്പറും ക്ലാസ്സും മാത്രമാണ് എഴുതേണ്ടത്.

5. ഉത്തരക്കടലാസ്സുകൾ **രജിസ്റ്റർ നമ്പറിന്റെ ക്രമത്തിൽ അടുക്കി**, പായ്ക്കു ചെയ്തു ഏപ്രിൽ 5-ാം തീയ്യതിക്കുള്ളിൽ വിശ്വാസപരിശീലന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

6. രജിസ്റ്റർ ഫാമിൽ, പരീക്ഷക്ക് ആബ്സെന്റ ആയവരുടെ പേരിന്റെ മുൻപിൽ If absent mark 'A' എന്ന കോളത്തിൽ 'A' (എ) എന്ന് മാർക്ക്

ചെയ്യാൻ മറക്കരുതേ.

7. സ്കോളർഷിപ്പ് പരീക്ഷ എഴുതുന്ന അതായത് 4, 7, 10, 12 ക്ലാസ്സുകളിലെ കുട്ടികൾക്ക് രൂപതാ കേന്ദ്രത്തിൽ നിന്നും നൽകിയിരിക്കുന്ന ഒരു പ്രധാന ഉത്തരക്കടലാസും ഇടവകയുടെ സീൽ അടിച്ച അഡിഷണൽ ഉത്തരക്കട ലാസ്സുകളുമാണ് നൽകേണ്ടത്.

## പ്രത്യേക അറിയിപ്പ്:

1. ഫൊറോനാ വികാരിമാരാണ് പരീക്ഷാ സൂപ്പർവൈസർമാരെ നിയമിക്കുന്നത്. മാർച്ച് 10-ന് മുമ്പ് ഓരോ ഇടവകയിലേയ്ക്കുമുള്ള സൂപ്പർവൈസരുടെ പേരും, വീട്ടുപേരും, ഇടവകയും, കോൺടാക്ട് നമ്പറും രൂപതാ കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

2. Scholarship ന്റെ ഉത്തരക്കടലാസുകൾ മൂല്യനിർണയം (Evaluation) നടത്തുന്നതിനായി ഓരോ ഫൊറോനായിൽനിന്നും കന്നഡ, മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകൾ പരിചയമുള്ള രണ്ട് അദ്ധ്യാപകരുടെ പേരുവിവരങ്ങളും കോൺടാക്ട് നമ്പറും മാർച്ച് 15 നു മുമ്പായി ഫൊറോനാ വികാരിമാർ വിശ്വാസ പരിശീലന കേന്ദ്രത്തിൽ നൽകണമെന്ന് അറിയിക്കുന്നു.

3. 10 ാം ക്ലാസിലെ ഉത്തരക്കടലാസ്സുകൾ രജിസ്റ്റർ ക്രമത്തിൽ പായ്ക്കു ചെയ്തു ഏപ്രിൽ 22-ാം തീയ്യതിക്കുള്ളിൽ വിശ്വാസപരിശീലന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

# ചെറുപുഷ്പ മിഷൻലീഗ്

## പ്രവർത്തനം

ഈ വർഷം പരീക്ഷ എഴുതുന്ന എല്ലാ ക്കൂട്ടുകാർക്കുംവേണ്ടി പ്രാർത്ഥിക്കുക. പരീക്ഷയിൽ കോപ്പിയടിക്കുകയോ അതിനു സഹായിക്കുകയോ ചെയ്യാതിരിക്കുക.

സാധിക്കുന്നവർ പരീക്ഷാ ഒരുക്ക ധ്യാനമോ, സെമിനാറോ, ക്ളാസ്സുകളോ, ആരാധനയോ നടത്തുന്നത് നല്ലതാണ്.



## പ്രാർത്ഥിക്കാം

പഠിക്കുന്ന എല്ലാ കുട്ടികളെയും പ്രത്യേകിച്ചു പഠിക്കാൻ മടിയുള്ളവരെയും പഠനത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവരെയും അതോടൊപ്പം നമ്മെത്തന്നെയും സമർപ്പിച്ച് താഴെ നൽകിയിരിക്കുന്ന വചനങ്ങളിൽ നിങ്ങൾക്ക് ഇഷ്ടമുള്ള വചനങ്ങൾ ആവർത്തിച്ചു ചൊല്ലി പ്രാർത്ഥിക്കുക.

1. നിൻെറ ദൈവമായ കർത്താവ്, വിജയം നൽകുന്ന യോദ്ധാവ്, നിൻെറ മധ്യേ ഉണ്ട്. (സെഫാനിയാ 3:17)
2. എന്നാൽ, അവിടുന്ന് എന്നോട് അരുളിച്ചെയ്തു: നിനക്ക് എൻെറ കൃപ മതി; എന്തെന്നാൽ, ബലഹീനതയിലാണ് എൻെറ ശക്തി പൂർണമായി പ്രകടമാകുന്നത്. ക്രിസ്തുവിൻെറ ശക്തി എൻെറ മേൽ ആവസിക്കേണ്ടതിനു ഞാൻ പൂർവാധികം സന്തോഷത്തോടെ എൻെറ ബലഹീനതയെക്കുറിച്ചു പ്രശംസിക്കും. (2 കോറിന്തോസ് 12 : 9)
3. ശക്തരും ധീരരുമായിരിക്കുവിൻ, ഭയപ്പെടേണ്ടാ; അവരെപ്രതി പരിഭ്രമിക്കുകയും വേണ്ടാ. എന്തെന്നാൽ, നിങ്ങളുടെ ദൈവമായ കർത്താവാണ് കൂടെ വരുന്നത്. അവിടുന്നു നിങ്ങളെ നിരാശപ്പെടുത്തുകയോ പരിത്യജിക്കുകയോ ഇല്ല. (നിയമാവർത്തനം 31 : 6)
4. ദൈവത്തിൻെറ ശക്തമായ കരത്തിൻകീഴിൽ, നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ. അവിടുന്നു തക്കസമയത്തു നിങ്ങളെ ഉയർത്തിക്കൊള്ളും. നിങ്ങളുടെ ഉത്കണ്ഠകളെല്ലാം അവിടുത്തെ ഏൽപിക്കുവിൻ. അവിടുന്നു നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്. (1 പത്രോസ് 5 : 6)
5. നമ്മുടെ കർത്താവായ യേശുക്രിസ്തുവഴി നമുക്കു വിജയം നൽകുന്ന ദൈവത്തിനു നന്ദി. (1 കോറിന്തോസ് 15 : 57)

## അനുസ്മരിക്കുന്ന തിരുനാൾ:

വി. യോഹന്നാൻ - (മാർച്ച് 8)
വി. യൗസേപ്പിതാവ് - (മാർച്ച് 19)

## സുകൃത ജപം:

നീതിമാനായ വി. യൗസേപ്പിതാവേ എന്നെ നീതിയിൽ വളർത്തണമെ.

**വചനം:**

അങ്ങു സ്വർഗത്തിൽനിന്ന് അവരുടെ പ്രാർത്ഥനകളും യാചനകളും ശ്രവിച്ച് അവരെ വിജയത്തിലേക്കു നയിക്കണമേ (2 ദിന 6: 35)

# തിരുബാലസഖ്യം

## അനുസ്മരിക്കുന്ന തിരുനാൾ

വി. ആഗ്നസ് – (മാർച്ച് 02)

പരി. മറിയത്തിന്റെ മംഗലവാർത്തതിരുനാൾ – (മാർച്ച് 25)

## പ്രാർത്ഥനാ നിയോഗം:

പരീക്ഷക്കായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന എല്ലാ കൂട്ടുകാർക്കുംവേണ്ടി പ്രാർത്ഥിക്കുക.

## സുകൃതജപം:

ഈശോയെ അങ്ങെ ജ്ഞാനത്താൽ എന്നെ നിറക്കണമേ.

## വചനം

സ്വർഗത്തിന്റെ ദൈവം ഞങ്ങൾക്കു വിജയം നൽകും. (നെഹെ 2 : 20)

**ഫാ. ജോസഫ് മറ്റം.**

**വിശ്വാസപരിശീലന ഡയറക്ടർ.**



# ಸಮಾಜ ಸೇವಾ ವಿಭಾಗ

**ನವಜೀವನ ಹೆಚ್.ಐ.ವಿ/ಏಡ್ಸ್ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ:**

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ (ರಿ) ಸಂಸ್ಥೆಯು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮತ್ತು ಭಾದಿತರಿಗೋಸ್ಕರ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ನೀಡುವ ಕಾರ್ಯಕ್ರಮವನ್ನು ನಡೆಸುತ್ತಿದ್ದು 80 ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ವ್ಯಕ್ತಿಗಳು, 30 ಸೋಂಕಿತ ಮಕ್ಕಳು ಹಾಗೂ 60 ಭಾದಿತ ಮಕ್ಕಳಿಗೆ ಮಾನಸಿಕ ಸ್ಥೈರ್ಯ ನೀಡುವ ಕೆಲಸವನ್ನು ಮಾಡುತ್ತಿದೆ.

ಡಿ.ಕೆ.ಆರ್. ಡಿ.ಎಸ್ (ರಿ) ಬೆಳ್ತಂಗಡಿ, ನವಜೀವನ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ ಇವರ ನೇತೃತ್ವದಲ್ಲಿ ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ವ್ಯಕ್ತಿಗಳ ಮಾಸಿಕ ಬೆಂಬಲ ಸಭೆಯನ್ನು ದಿನಾಂಕ 15.02.2020 ರಂದು ಸಾನ್ ತೋಮ್ ಟವರ್ ಬೆಳ್ತಂಗಡಿಯಲ್ಲಿ ಆಯೋಜಿಸಲಾಯಿತು. ಕಾರ್ಯಕ್ರಮದ ಅಧ್ಯಕ್ಷತೆಯನ್ನು ನವಚೈತನ್ಯ ಸಂಘದ ಅಧ್ಯಕ್ಷೆ ಶ್ರೀಮತಿ ಲಲಿತರವರು ವಹಿಸಿದ್ದರು. ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಗಳಾಗಿ ಶ್ರೀಮತಿ ನಾಗವೇಣಿ ಮೇಲ್ವಿಚಾರಕರು ಮಹಿಳಾ ಮತ್ತು ಮಕ್ಕಳ ಕಲ್ಯಾಣ ಇಲಾಖೆ ಬೆಳ್ತಂಗಡಿ ಆಗಮಿಸಿ ತಮ್ಮ ಇಲಾಖೆಯಿಂದ ಸಿಗುವ ಸೌಲಭ್ಯಗಳ ಬಗ್ಗೆ ಮಾಹಿತಿ ನೀಡಿದರು.

ಕಂಕನಾಡಿ ಸೈಂಟ್ ಆಲ್ಫೋನ್ಸಾ ಚರ್ಚಿನ ಮಿಶನ್ ಲೀಗ್ ಸಂಘಟನೆಯ ಮಕ್ಕಳು, ಕಾರ್ಯಕರ್ತರು ಹಾಗೂ ಶಿಕ್ಷಕರು ಭಾಗವಹಿಸಿ ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮಕ್ಕಳ ಸಹಾಯಾರ್ಥ ರೂ. 50,000/– ವಿತರಿಸಿದರು. ಮಿಶನ್ ಲೀಗ್ ಸಂಘಟನೆಯ ಮಕ್ಕಳು ಸಾಂಸ್ಕೃತಿಕ ಕಾರ್ಯಕ್ರಮ ನೀಡಿದರು. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ। ಸ್ವಾ। ಬಿನೋಯಿ ಎ.ಜೆ, ಸಂಯೋಜಕಿ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊ ಉಪಸ್ಥಿತರಿದ್ದರು. ವೈದ್ಯಾಧಿಕಾರಿಗಳಾದ ಡಾ। ಮುರಳೀಕೃಷ್ಣ ಇರ್ವತ್ರಾಯ ವೈದ್ಯಕೀಯ ತಪಾಸಣೆ ನಡೆಸಿದರು. ಶ್ರೀಮತಿ ಮಂಜು ಮೆಲ್ಬಿ ಔಷಧಿ ವಿತರಣೆಗೆ ಸಹಕರಿಸಿದರು. ಅರ್ಥಿಗಳಿಗೆ ಪೌಷ್ಟಿಕಾಹಾರ ವಿತರಿಸಲಾಯಿತು. ಒಟ್ಟು 65 ಮಂದಿ ಭಾಗವಹಿಸಿದ್ದರು.

**ಸ್ನೈಕ್ ಸುರಕ್ಷಾ ಯೋಜನೆ:**

ಈ ಯೋಜನೆಯನ್ನು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮಕ್ಕಳ ಆರೋಗ್ಯ ಸುಧಾರಣೆ, ಪೌಷ್ಟಿಕ ಆಹಾರ ಪೂರೈಕೆ ಮತ್ತು ಶಿಕ್ಷಣಕ್ಕೆ ನೆರವು ನೀಡುವ ಉದ್ದೇಶದಿಂದ ಸಂಸ್ಥೆ ಮಟ್ಟದಲ್ಲಿ ಅನುಷ್ಠಾನಗೊಳಿಸಿದ್ದು ಸೋಂಕಿತ ಮಕ್ಕಳ ಅಭಿವೃದ್ಧಿ ಮತ್ತು ಅವರನ್ನು ಸಮಾಜದ ಮುಖ್ಯ ವಾಹಿನಿಗೆ ತರುವುದು ಈ ಯೋಜನೆಯ ಮುಖ್ಯ ಉದ್ದೇಶವಾಗಿದೆ.

